നിയന്ത്രണ ബോർഡുവഴി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. അന്തരീക്ഷത്തിലേക്ക് ചിമ്മിനികൾവഴിയും അല്ലാതെയും വായു ബഹിർഗമനം നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ഇതുവഴി സ്ഥാപനങ്ങളിൽനിന്ന് അന്തരീക്ഷത്തിലേക്ക് കലരാനിടയുള്ള മാലിന്യ ഘടകങ്ങളുടെ അളവ് നിയന്ത്രിക്കാനും അതുവഴി അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കാനും കഴിയുന്നുണ്ട്. വാഹനങ്ങളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം തടയുന്നതിന് സംസ്ഥാന മോട്ടോർ വാഹന വകുപ്പും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) വാഹനങ്ങളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം പൂർണ്ണമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും വാഹനങ്ങളിൽ നിന്നുള്ള പുകമലിനീകരണം മൂലമുള്ള അന്തരീക്ഷ മലിനീകരണം തടയുന്നതിനായി ഒരു വർഷത്തിനുമേൽ പഴക്കമുള്ള വാഹനങ്ങളിൽ 6 മാസത്തിൽ ഒരിക്കൽ പുകപരിശോധന നടത്തുന്നത് നിർബന്ധമാക്കിയും പുകമലിനീകരണം ഉണ്ടാക്കുന്നുവെന്ന് സംശയിക്കപ്പെടുന്ന വാഹനങ്ങളെ പുക പരിശോധനാ കേന്ദ്രത്തിൽ വച്ച് പരിശോധിക്കുകയും ആവശ്യമെങ്കിൽ പിഴ ഈടാക്കിയും ഇത്തരം വാഹനങ്ങളെ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കിയും മലിനീകരണം തടയാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. നഗരങ്ങളിലെ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി സംസ്ഥാനത്ത് 20 കേന്ദ്രങ്ങളിൽ നിരന്തരമായി നിരീക്ഷിച്ച് അപഗ്രഥനം ചെയ്യുന്നുണ്ട്. കോട്ടയം, എറണാകുളം, കണ്ണൂർ എന്നി സ്റ്റേഷനുകളിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം അവിടത്തെ അന്തരീക്ഷ വായുവിലെ പൊടിപടലത്തിന്റെ അളവ് അനുവദനീയ വാർഷിക പരിധിയേക്കാളും (60 മൈക്രോഗ്രാം/m3) കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പട്ടത്തെ ആസ്ഥാന ഓഫീസിൽ നിരന്തര വായുമേന്മ പരിശോധനാ കേന്ദ്രം (continuous Ambient Air Quality Monitoring Station) സ്ഥാപിച്ച് വായു ഗുണനിലവാര പരിശോധനാ ഫലങ്ങൾ ഡിസ്പ്ലേ ബോർഡ് മുഖാന്തിരം പ്രദർശിപ്പിച്ച് വരുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

20 (*50) ശ്രീ. ബി. സത്യൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാന സർക്കാരിന്റെ പൊതുമേഖലയോടുള്ള സമീപനത്തിലെ ഉദാസീനതയാണ് തകർച്ചക്കു കാരണമെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാസ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്. ഈ സർക്കാരിന്റെ ആരംഭം മുതൽ തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനുള്ള നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതികളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷമായി നടത്തിയിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഉൽപ്പാദന-ക്ഷേമ-വികസന മേഖലയിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും സർക്കാർ നൽകിവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് പ്രധാനമായും ഉൽപ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപണന മേഖലയുടെ വിപുലീകരണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള നടപടികളാണ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്നത്.

(സി) ഉണ്ട്. കഴിഞ്ഞ സർക്കാർ നടത്തിവന്ന പ്രവർത്തനങ്ങളുടെ തുടർച്ചയായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ശക്തിപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി അവയുടെ നഷ്ടത്തിന്റെ അടിസ്ഥാന പ്രശ്നം പരിഹരിക്കുന്നതിനുള്ള ദീർഘ/ഹ്രസ്വകാല പദ്ധതികൾ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകംതന്നെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാതെതന്നെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തത്തക്കവിധത്തിലുള്ള പ്രവർത്തന നിരീക്ഷണ സംവിധാനമാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചുവരുന്നത്. ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഉൽപ്പാദനവും വിറ്റുവരവും നേടുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്.

ഭൂരഹിതരായ ആദിവാസികൾക്ക് സമയപരിധിക്കുള്ളിൽ ഭൂമി നൽകാൻ നടപടി

21 (*51) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഏത് കാലയളവിൽ ഭൂമി നൽകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(സി) ഭൂരഹിതരായ ആദിവാസികൾക്ക് നൽകാനെന്ന പേരിൽ വാസയോഗ്യമല്ലാത്ത ഭൂമി വൻ തുകകൾക്ക് വാങ്ങിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

LIBRARY ARCHIVES Kerala Legislative Assembly